**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3058** **07-10-2025 - ൽ മറുപടിയ്ക്ക്**

**നദികളുടെ പരിപാലനത്തിന് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പ്രധാന കാരണം നദികളുടെ പരിപാലനത്തിലുണ്ടായ ഉപേക്ഷയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നദീതീരങ്ങളോട് ചേർന്ന് വരുന്ന നദീ സമതലങ്ങൾ പ്രളയ സമയങ്ങളിൽ നിറഞ്ഞ് ഒഴുകി സ്വത്തിനും ജീവനും നാശനഷ്ടങ്ങൾ വരുത്താറുണ്ട്. നദികളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്ന്, പരമാവധി ജലനിരപ്പ് കടന്ന് (ഹൈ ഫ്ളഡ് ലെവൽ) കവിഞ്ഞൊഴുകുന്നതിന്റെ ഫലമായാണ് വെള്ളപ്പൊക്കം, പ്രളയം എന്നിവ ഉണ്ടാകുന്നത്. ഉത്തരേന്ത്യൻ നദികളിൽ (ഹിമാലയൻ നദികൾ) വെള്ളപ്പൊക്കം കാരണമുള്ള നാശനഷ്ടം എല്ലാ വർഷവും ഉണ്ടാകാറുള്ളതിന് കാരണം കാലവർഷത്തിനു പുറമേ മഞ്ഞുരുകിയുണ്ടാകുന്ന ജലവും ഈ നദികളിൽ എത്തിച്ചേരുന്നു എന്നതാണ്. കേരളത്തിലെ നദികളുമായി താരതമ്യം ചെയ്യാൻ കഴിയാത്തത്ര വലിയ നദികളാണ് ഇവ. എന്നാൽ, സമീപകാലത്തായി കേരളത്തിലും ആവർത്തിച്ച് പ്രളയം ഉണ്ടാകുന്നു എന്നത് പ്രളയ സമതലങ്ങൾ പ്രത്യേക മേഖലകളായി സംരക്ഷിക്കണം എന്ന ആവശ്യത്തിന് ഊന്നൽ നൽകുന്നു. നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ/ തോടുകളിൽ; ചെറുതടയണകൾ / വെൻറഡ് ക്രോസ്ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്- ടു-വാലി" സമീപനത്തോടെ പുന:രുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും, ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലസേചന നിർമ്മിതികളായ ഡാമുകൾ/ തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയുടെ സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/ മണൽ/ മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് വെള്ളപ്പൊക്ക |

| | | | |
|---|---|---|---|
| | | | നിയന്ത്രണം സാധ്യമാക്കുന്ന പ്രവർത്തനവും ചെയ്തു വരുന്നു. വെള്ളപ്പൊക്ക നിയന്ത്രണം (FC), വെള്ളപ്പൊക്ക കെടുതി (FD), മൈനർ ഇറിഗേഷൻ ക്ലാസ് II, മൈനർ ഇറിഗേഷൻ ക്ലാസ് I, Renovation of Tanks and Ponds, മുതലായ സ്കീമുകളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി ഇവ ലഭ്യമാക്കി ജലസേചനവകുപ്പ് നദീതീരങ്ങൾ, തോടുകൾ, കുളങ്ങൾ, ചെറു നീർച്ചാലുകൾ എന്നിവ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തര പ്രാധാന്യം പരിഗണിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | നദികളുടെ പരിപാലനത്തിനായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നതെന്നും ഇതിനായി വിദേശ സഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ? | (ബി) | നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗ്ഗനിർദ്ദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട്(OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 26-06-2025 ലെ സർക്കാർ ഉത്തരവ് GO.(P)No.25/2025/ WRD,പ്രകാരം നിലവിൽ വന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ/ പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരം ഉള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ